ദീപിക

13 October 2023

# ഉത്പന്നങ്ങൾക്ക് വിലയും വിപണിയും ഉറപ്പുവരുത്തണം: കർഷകർ

**കൊച്ചി:** മതിയായ വില ലഭിക്കുന്ന വിധത്തിൽ ഓരോ ഉത്പന്നങ്ങൾക്കും വിപണി ഉറപ്പുവരുത്തണമെന്ന് കർഷകർ. ചെറുകിട, ഇടത്തരം കർഷകരുടെ പ്രശ്നങ്ങൾകൂടി പരിഗണിച്ചുള്ള കാർഷികവികസന നയമാണ് വേണ്ടത്. വായ്പകൾ കർഷകർക്ക് കടമ്പകൾ അധികമില്ലാതെ ലഭ്യമാക്കാൻ സൗകര്യമൊരുക്കണമെന്നും കർഷകർക്ക് സമൂഹത്തിൽ അന്തസ് കൽപിച്ചുനൽകണമെന്നും അവർ ആവശ്യപ്പെട്ടു.

പതിനാറാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിനോടനുബന്ധിച്ച് നടന്ന കർഷക സംഗമത്തിൽ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനിടെയായിരുന്നു വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകരുടെ പ്രതികരണം.

നെല്ലിനങ്ങളുടെ പ്രാദേശിക വകഭേദങ്ങൾ വികസിപ്പിക്കണം. കൃഷിക്കാവശ്യമായ ചെറുകിടയന്ത്രങ്ങൾ കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കണം.

കർഷക ഉത്പാദന സംഘങ്ങൾക്ക് പലിശരഹിത വായ്പ നൽകണം. കർഷകരുടെ ഉത്പന്നങ്ങൾ പൊതുവിതരണ സംവിധാനത്തിലൂടെ ജനങ്ങളിലെത്തിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്ക് കൈമാറുന്നതിനുള്ള നന്മയാണെന്ന് പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ച പദ്മശ്രീ പുരസ്കാര ജേതാവും ആദിവാസി കർഷകനുമായ ചെറുവയൽ രാമൻ അഭിപ്രായപ്പെട്ടു.

പ്രകൃതിക്കിണങ്ങുന്ന കൃഷിരീതികളും ജൈവവൈവിധ്യങ്ങളും സംരക്ഷിക്കാൻ പുതുതലമുറ താത്പര്യമെടുക്കുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിനു പുറമെ, ഉത്തർപ്രദേശ്, ഗുജറാത്ത്, ചത്തീസ്ഗഡ്, മഹാരാഷ്ട്ര, ഒഡീഷ, മധ്യപ്രദേശ്, ത്രിപുര, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, മേഘാലയ, മിസോറം, നാഗാലാൻഡ്, ഗോവ, കർണാടക, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽനിന്നുള്ള കർഷകരും സംഗമത്തിൽ പങ്കെടുത്തു. പദ്മ ജേതാക്കളായ കർഷകരെ സമ്മേളനം ആദരിച്ചു. സമ്മേളനം ഇന്ന് സമാപിക്കും.